

# അതുല്യമായ വനശ്രേണിയുടെ സംരക്ഷണം ഉറപ്പാക്കണം

ഡോ. സതീഷ് ചന്ദ്രൻ നായർ
തെളിവെടുപ്പിൽ സമർപ്പിച്ചതിന്റെ സംഗ്രഹിത പരിഭാഷ: ഡോ. എ. ലത



ചാലക്കുടി പുഴയുടെ ഭൂപടം

നിർദ്ദിഷ്ട അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ ആഘാതം വെറും 150 ഹെക്ടറിൽ ഒതുങ്ങി നിൽക്കുന്നതല്ല. ഇതിന്റെ മൊത്തം പശ്ചാത്തലം എടുത്തു പരിശോധിക്കുമ്പോൾ മനസ്സിലാക്കാം. അങ്ങ് തെക്ക് ആനമല മലനിരകളുടെ പടിഞ്ഞാറൻ ചരിവുകളിൽനിന്നു തുടങ്ങി - ഇടമലയാർ വിള്ളൽ പ്രദേശത്തുകൂടി കടന്ന്, വടക്ക് പാലക്കാട് ചുരം വരെ നീണ്ടുകിടക്കുന്ന വലിയൊരു ഭൂപ്രദേശത്തിന്റെ അവിഭാജ്യ ഘടകമാണ് പദ്ധതി പ്രദേശം. ചാലക്കുടി പുഴയിലെ വെള്ളത്തിന് ഭാരതപുഴയടക്കം, പുഴയുടെ കീഴ്പ്രദേശങ്ങളിലും ആവശ്യക്കാർ ഏറിവരുന്നു. പശ്ചിമഘട്ടത്തിലെ നിത്യഹരിത വനങ്ങളുടെ മൂല്യം വർദ്ധിച്ച സാഹചര്യത്തിൽ ചാലക്കുടിപ്പുഴത്തടത്തിന്റെ ജൈവവൈവിദ്ധ്യ മൂല്യവും ഏറിക്കൊണ്ടിരിക്കുന്നു.

## ചാലക്കുടിപ്പുഴയുടെ ഇന്നത്തെ അവസ്ഥ

1700 ചതു.കി.മീ വിസ്തൃതിയുള്ള ചാലക്കുടിപ്പുഴത്തടത്തിലെ 1100 ചതു. കി.മീ. കേരള വനംവകുപ്പിന്റെ കീഴിലാണ്. എന്നാൽ ഇതിൽ നിത്യഹരിത വന സസ്യങ്ങളുടെ യഥാർത്ഥ വിസ്തൃതി വെറും 100 കി.മീറ്ററായി ചുരുങ്ങിക്കഴിഞ്ഞു. ഈ വനവിസ്തൃതിപോലും തുണ്ടം തുണ്ടമായി ചിതറി കിടക്കുകയാണ്.

ചാലക്കുടിപ്പുഴയുടെ നീരൊഴുക്ക് വർഷംതോറും കുറഞ്ഞുവരുന്നതായി ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലാകും. ഇതിനേറ്റവും നല്ല ഉദാഹരണമാണ് ചാർപ്പ തോട്. വൃഷ്ടി പ്രദേശം മുഴുവൻ തേക്ക് തോട്ടങ്ങളായതിനാൽ തന്നെ മഴക്കാലത്ത് മാത്രമാണ് ഇതിലൂടെ വെള്ളമൊഴുക്കുക. അതുപോലെതന്നെ കണ്ണൻകുഴിതോടും വർഷക്കാലം കഴിഞ്ഞാൽ വറ്റിപ്പോകുന്ന അവസ്ഥയാണ്.

വാൽപ്പാറ, പറമ്പിക്കുളം മേഖലകളിലോ താഴെ അതിരപ്പിള്ളിയിലെ എണ്ണപ്പന കൃഷിമേഖലയിലോ ഒരു തോടും വർഷക്കാലം കഴിഞ്ഞാൽ ഒഴുകാറില്ല. പ്ലാന്റേഷൻ മേഖലയിൽ തോടുകളിലെ വെള്ളം സ്പ്രിംഗ്ളർ/ഡ്രിപ്പ് ഇറിഗേഷനുകൾക്കായി ഉപയോഗിക്കുന്നു. അതുകൊണ്ട് തന്നെ ജലലഭ്യതയെ കുറിച്ചും വൈദ്യുതി ഉൽപ്പാദനത്തെ



വര : ഡോ. എ. ലത

ക്കുറിച്ചും വൈദ്യുതി ബോർഡിന്റെ കണക്കുകളിൽ സംശയമുണ്ട്.

കേരളത്തിൽ മഴക്കാലം 25 മാസം വരെയാണ്. ഇതിൽതന്നെ കനത്ത മഴ ഏതാനും ദിവസങ്ങൾ കൊണ്ട് പെയ്തുതീരുന്നു. നല്ല കാടുള്ള വൃഷ്ടിപ്രദേശത്തു മാത്രമേ വെള്ളം സംഭരിക്കപ്പെടുന്നുള്ളൂ. പുഴയിലെ നീരൊഴുക്കിനെ കുറിച്ചുള്ള വിശ്വസിക്കാവുന്ന അടിസ്ഥാന കണക്കുകൾ ലഭ്യമല്ല. അതുകൊണ്ട് തന്നെ ഈ പദ്ധതിയുടെ നേട്ടമായി കാണിക്കുന്ന കണക്കുകൾ ഭാവിയിൽ കനത്ത തിരിച്ചടികൾ ഉണ്ടാകും.

പറമ്പിക്കുളം, കുണ്ടുക്കടവ്, പെരുവാരിപ്പള്ളം ഡാമുകൾ വന്നതിനാൽ ഈ കൈവഴികളെല്ലാം താഴോട്ട് ഒഴുകാതായിരിക്കുന്നു. പത്തുകൊല്ലത്തിലൊരിക്കലോ മറ്റോ വെള്ളപ്പൊക്കം കാരണം പറമ്പിക്കുളം ഷട്ടർ തുറന്നാലായി. അപ്പർ ഷോളയാർ, ഷോളയാർ, പെരിങ്ങൽക്കുത്ത്, ഡാമുകൾക്കു താഴെയും പുഴയുടെ അവസ്ഥ വരണ്ടുതന്നെയാണ്. ഇതുകൊണ്ട് തന്നെ പുഴയോരക്കാടുകൾ ഈ പ്രദേശങ്ങളിലെല്ലാം നശിച്ചുപോയിരിക്കുന്നു. 1960-കളിൽ സ്വകാര്യ വനങ്ങൾ നശിച്ചതോടെ കുരിയാർകുറ്റി പുഴയും വറ്റയിരിക്കുന്നു. കാരപ്പാറയിലും എസ്റ്റേറ്റുകാർ കൈവഴികളിൽനിന്നും വെള്ളം ഊറ്റിയെടുക്കുന്നതിനാലും, കാടിന്റെ നാശം കാരണവും വേനൽക്കാലത്ത് നീരൊഴുക്ക് നിലച്ച മട്ടാണ്.

ഇത്തരത്തിൽ വളരെയധികം നാശം സംഭവിച്ചു കഴിഞ്ഞ ഒരു പുഴത്തടത്തിലാണ് അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി കൊണ്ടുവരാനുദ്ദേശിക്കുന്നത്.

### നിർദ്ദിഷ്ട അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി വനനശീകരണത്തിന് ആക്കം കൂട്ടും

ചാലക്കുടിപ്പുഴത്തടത്തിന്റെ സ്വഭാവ വിശേഷത തന്നെയാണ് ഇവിടം നല്ല മഴ ലഭിക്കാനും, നിത്യഹരിത വനങ്ങളുടെ നല്ലൊരു തുടർച്ചയുണ്ടാകാനും സഹായകമായത്. കാടിന്റെ നാശം ആദ്യം തുടങ്ങിവെച്ചത് യൂറോപ്പിൽനിന്നും വന്ന് നെല്ലിയാമ്പതി കാടുകൾ മുറിച്ച് 'പ്ലാന്റേഷൻ' വെച്ചുപിടിച്ചവരും വാൽപ്പാറയിൽ 150 വർഷങ്ങൾക്കുമുമ്പ് കാട് തെളിച്ച് തേയില വെച്ചവരുമാണ്. എന്നാൽ മുകളിൽ നിലകൊള്ളുന്ന 200 ച.കി.മീ വനവിസ്തൃതി മാത്രമാണ് നഷ്ടപ്പെട്ടത്. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ ഏകദേശം എല്ലാ നിത്യഹരിതവനങ്ങളും തേക്കിനും യൂക്കാലി പ്ലാന്റേഷനുകൾക്കും അണക്കെട്ടുകൾക്കും സെലക്ഷൻ ഫെല്ലിംഗിനും വഴി മാറി കൊടുത്തു. പവർലൈനുകൾ, റോഡുകൾ, സോഷ്യൽ ഫോറസ്ട്രിയുടെ പേരിലുള്ള വനവൽക്കരണം, കാട്ടുതീ ഇവയെല്ലാം കൂടിയായപ്പോൾ വനാവരണ തുടർച്ച തീർത്തും ഇല്ലാതായി.

നിലനിൽക്കുന്ന ഈ വനതുണ്ടുകളെ ആശ്രയിച്ചാണ് ചാലക്കുടി പുഴത്തടത്തിലെ വന്യജീവി സമ്പത്തിന്റെ സമൃദ്ധി നിലകൊള്ളുന്നത്. തുടർച്ച നഷ്ടപ്പെട്ട ഈ തുണ്ടുകളെ ബന്ധിപ്പിക്കുന്ന ഒരേയൊരു വനശ്രേണി പുഴയോര കാടുകൾ മാത്രമാണ്. സമുദ്രനിരപ്പിൽ നിന്നും വളരെ കുറഞ്ഞ ഉയരത്തിൽ (200-300മീ.) നിലകൊള്ളുന്ന ഈ പുഴയോര കാടുകളുടെ തുടർച്ചയും അതിരപ്പിള്ളി അണക്കെട്ട് മൂലം ഇല്ലാതാകുന്ന ഭീഷണി നേരിടുന്നു. മലമുഴക്കി വേഴാമ്പലും സിംഹവാലൻ കുരങ്ങും മുങ്ങിപ്പോകുന്ന ഈ പുഴയോര കാടുകളിൽ അഭയം പ്രാപിക്കുന്നു എന്നത് തന്നെ ഇവയുടെ സമ്പന്നതയെ സൂചിപ്പിക്കുന്നു.

ആനമല മലനിരകളിലുള്ള ഇന്ദിരാഗാന്ധി നാഷണൽ പാർക്കും പറമ്പിക്കുളം വന്യജീവി സങ്കേതത്തിന്റെ സാമീപ്യവും (1973ൽ നിലവിൽവന്നു) ഈ വനമേഖലയുടെ ജൈവവൈവിദ്ധ്യമൂല്യം ഉയർത്തിക്കാണിക്കുന്നു. വാഴച്ചാൽ വനമേഖലയെ ഉൾപ്പെടുത്തികൊണ്ട് രണ്ടാമതൊരു 'കടുവാസങ്കേതം' കൊണ്ടുവരാനുള്ള ഊർജ്ജിത ശ്രമങ്ങളും നടന്നുവരുന്നുണ്ട്. അതിരപ്പിള്ളി പദ്ധതി, ഈ പ്രദേശത്തിന്റെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിന് വിഘാതമായി ഭവിക്കും.

അതിരപ്പിള്ളി പദ്ധതിക്കുവേണ്ടി മുങ്ങിപ്പോകുന്ന പ്രദേശം, കേരളത്തിലെ ഇന്ന് നിലനിൽക്കുന്ന 'Low Elevation Riparian Forest Ecosystem' ന്റെ ഏക കണ്ണിയാണ്. വെറും 80 ഹെക്ടർ വിസ്തൃതി വരുന്ന ഈ അതുല്യമായ വനശ്രേണിയുടെ സമ്പൂർണ്ണ സംരക്ഷണം ഉറപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

**അതിരപ്പിള്ളി 'കാടാ' ആദിവാസികളുടെ നിലനിൽപ്പിനെ ബാധിക്കും**

പശ്ചിമഘട്ട വനങ്ങളിൽ കാണപ്പെടുന്ന ആദിവാസികളിൽ കൃഷി ചെയ്യാത്ത, സ്ഥിരതാമസം ശീലിക്കാത്ത വെറും മൂന്ന് തരം ആദിവാസി സമൂഹങ്ങളിൽ ഒന്ന് 'കാടാ' ആദിവാസി സമൂഹമാണ്. ചാലക്കുടിപ്പുഴയിൽ മാത്രം കാണപ്പെടുന്ന ഇവർ കഴിഞ്ഞ ഒന്നര നൂറ്റാണ്ടിന്റെ വനനശീകരണത്തിന്റെയും അണക്കെട്ടു വികസനങ്ങളുടെയും ഒടുവിൽ സമാധാനത്തോടെ പുഴത്തടത്തിൽ ജീവിക്കാൻ തുടങ്ങിയിട്ട് കുറച്ചു കാലമേ ആയിട്ടുള്ളൂ. അവരുടെ രണ്ട് ഊരുകൾ അതിരപ്പിള്ളി പദ്ധതിമൂലം കുടിയിറക്കൽ ഭീഷണി നേരിടുന്നു. വനംവകുപ്പിൽനിന്നും ലഭിക്കുന്ന ജോലിയും ടൂറിസത്തിൽ നിന്നും വനസംരക്ഷണ സമിതികൾ വഴി ലഭിക്കുന്ന വേതനവുമാണ് ഇന്നവരുടെ നിലനിൽപ്പിന് ഏക ആധാരം. പരിഷ്കൃത ലോകത്തിനോട് സമരസപ്പെടാൻ ശ്രമിച്ചു വരുന്ന ഈ കാലഘട്ടത്തിൽ അതിരപ്പിള്ളി പദ്ധതി അവർക്ക് കനത്ത ഭീഷണിയും തിരിച്ചടിയുമായിരിക്കും.

*പി.ബി. 2230, തിരുവനന്തപുരം-10*

ആശംസകളോടെ
Creative Expressions
**Professional help in shaping life creatively**
IInd Floor, NP Towers, Near Keralavarma College Busstop
**West Fort, Thrissur-4. Phone : 3259075, 9895021802**